# വിഷയവിവരം


**1** 3-11

**തത്ത്വവിചാരത്തിനുള്ള മികവ് ഫലം**

**2** 13-22

**ഉൾവികാസം ഉൾത്തേജസ്സ്**

**3** 23-34

**ജനകമഹാരാജാവും സിദ്ധഗീതയും**

- ജനകമഹാരാജന്റെ വനസഞ്ചാരം
- ബുദ്ധി മനസ്തലത്തിൽ ചുഴിഞ്ഞിറങ്ങട്ടെ
- സിദ്ധഗീത
- സിദ്ധഗീത ശരിയായ ആരാധന

**4** 35-56

**ജനകനിൽ ഉദിച്ച തത്ത്വവിചാരം**

- സ്വന്തം മനസ്സോടുള്ള രാജസംഭാഷണം
- മനസ്സിനെ മനനത്താൽത്തന്നെവേണം ഉയർത്തിയെടുക്കാൻ
- മനസ്സിനെ തക്കരീതിയിൽ ഉപദേശിയ്ക്കാൻ കഴിയണം

**5** 57-66

**ജനകൻ സ്വയം മുക്തനാകുന്നു**

- വിചാരത്തിന്റെ വൈഭവം
- ശരിയായ അധ്യാത്മജീവിതം ആന്തരമാണ്
- സമദർശനത്തിന്റെ മഹത്വം

6 — 67-77

**മനസ്സും അതിനെ തുടച്ചുമാറ്റലും**
- മനസ്സും വിചാരവും ആത്മാവും

7 — 79-88

**മരിച്ചവൻ ജീവിച്ചിരിയ്ക്കുന്നവനെ കൊല്ലുന്നു**
- ഒരു പ്രയോജനവുമില്ലാത്ത ദു:ഖം
- ഉപശമഗീത –'മനോഗളന'ത്തെപ്പറ്റിയുള്ള ഗാനം

8 — 89-98

**ഉപശമഗീത – ദൃശ്യസംഗം വിട്ട് ദ്രഷ്ടാവിൽ മുഴുകുക**

9 — 99-109

**ത്യാഗവും മോക്ഷവും രണ്ടുതരം**
- സംന്യസനം രണ്ടുതരത്തിൽ
- മോക്ഷം രണ്ടുതരം – ജീവന്മുക്തിയും വിദേഹമുക്തിയും
- ആഗ്രഹം – ബാധിയ്ക്കുന്നതും സ്വതന്ത്രമാക്കുന്നതും

10 — 111-130

**ജീവന്മുക്തന്റെ സ്വഭാവഗതികൾ**
- കർമരംഗത്ത് അദ്വൈതം ഇല്ല
- ജീവിതം വിഹാരമാക്കൂ
- മുക്തി അനാവശ്യം അപ്രസക്തം
- എന്തും ചെയ്തോളൂ പക്ഷേ നിർബാധിതനായി
- ഉദാരമനസ്കരുടെ വീക്ഷണഗതി
- യഥാർഥജ്ഞാനം ജീവിതത്തെ വിഹാരമാക്കുന്നു

11 — 131-142

**പുണ്യനും പാവനനും പ്രബുദ്ധരായതെങ്ങനെ**
- ബന്ധങ്ങളെല്ലാംതന്നെ അജ്ഞാനജം
- ജ്ഞാനികൾ സാക്ഷികൾമാത്രം
- പാവനൻ പ്രബുദ്ധനായി
- മനസ്സ് ശരിയായ സന്തോഷദാതാ

12
143-149

**വേദാന്തയുക്തിയിലെ പ്രായോഗികവസ്തുത**

- സർവവിഷമങ്ങൾക്കും ഉള്ളിൽത്തന്നെ പരിഹാരം

13
151-157

**ജ്ഞാനിയും ജ്ഞാനസാധനയും**

- വ്യവഹാരജ്ഞാനിയോ സമാധിജ്ഞാനിയോ മേലെ
- ജ്ഞാനസാധന ഏറ്റവും ഗാഢവും കാര്യക്ഷമവും

14
159-170

**സുരഘുരാജാവ് മുക്തിപദത്തിലേയ്ക്ക്**

- എല്ലാം വിടൂ ആത്മാ സിദ്ധമാകും
- സുരഘു തത്ത്വജ്ഞനായി

15
171-190

**ശരിയായ സിദ്ധിയുടെ താത്ത്വികരൂപം**

- ഏകസമാധാനം
- തത്ത്വജ്ഞാനമാണ് പരിഗണനീയം സമാധിയല്ല
- തത്ത്വജ്ഞാനിയ്ക്ക് അസമാധിയില്ല
- ഗാഢമായ ആന്തരികത – ശരിയായ സിദ്ധിയുടെ കാതൽ
- ആത്മസ്ഥിതി വാസ്തവത്തിൽ അനിർവചനീയം
- ശരിയായ സിദ്ധി ഒരിയ്ക്കലും വഴുതിവീഴില്ല

16
191-210

**ഭാസവിലാസചരിതം**

- ആത്മാവിന് ഒരുതരത്തിലും ബന്ധമോ സ്നേഹമോ ഇല്ല
- സംഗവും അതിനുള്ള പ്രതിവിധിയും
- സുഷുപ്തിയും സമാധിയും

17
211-231

**തുരീയവും അതിനപ്പുറവും**

- അസംഗവും തുരീയവും
- തുരീയം-ജ്ഞാനത്തിന്റെ മാസ്മരികത
- നിർഭയത്വം, മരണമെന്ന മിഥ്യാധാരണ

**18**
233-249

**മനസ്സ് ആത്മാവിന്റെ ഇരിപ്പിടം**

- മനോവസ്തു-സർവ അസ്തിത്വത്തിന്റേയും സ്രോതസ്സ്
- സ്വപ്നരചന
- പേരുകളെല്ലാം അടങ്ങുന്നത് ഒരേ മനസ്സ്
- സ്ഥൂലവസ്തുക്കളും മനസ്സുതന്നെ
- എല്ലാ അറിവും യുക്തിസഹം
- ബാഹ്യനിഗമനങ്ങൾ തെല്ലും വ്യത്യസ്തമോ
- സൂക്ഷ്മംതന്നെ സ്ഥൂലമാകുന്നത്
- ആകാശം മാറിമറിയുന്ന പ്രത്യയം
- ആകാശം ഒന്നുമല്ല ഒരിടത്തുമില്ല
- വ്യാസക്കറക്കം
- മനോവസ്തു പരമസത്യം

**19**
251-263

**യുക്തിഹസ്തങ്ങളിൽ വസ്തുക്കളുടെ തലയിലെഴുത്ത്**

- ആകാശത്തെക്കുറിച്ച് കൂടുതൽ തത്ത്വവിചാരം
- ഉള്ളിലേയ്ക്കുള്ള തിരിച്ചൽ
- ഭാവനാത്മകത പ്രഥമസൃഷ്ടികർത്താ
- മനോവസ്തു സ്വതന്ത്രം, അനാദി
- വസ്തുക്കളുടെ അന്തിമമൂല്യം, വില
- സർവച്ചുരുക്കം
- ശാസ്ത്രം സയൻസാണ് തിയോളജിയല്ല
- ആകാശത്തെപ്പറ്റി ചിന്തിയ്ക്കുന്നതെന്തിന്
- മനോവസ്തുനിയമം
- ആദർശപുരുഷൻ

20
265-290

**അജ്ഞേയറ്റത്തെ അതീന്ദ്രിയത്വം**

- ജീവിതമരണങ്ങളെ അതിജീവിയ്ക്കൽ
- മരണംതന്നെ ഉണ്ടോ
- മൃതശരീരത്തിലും ആത്മാവുണ്ട്
- മനസ്സ് എന്നാൽ എന്ത്
- മനസ്സ് ആത്മദർശനത്തിന്റെ ഉറവിടം
- ആത്മാ എല്ലാറ്റിനും അപ്പുറം
- മനസ്സ് എല്ലാമാണ്, ആത്മാ മനസ്സല്ല
- ശുദ്ധബോധമല്ലാതെ ഒരു അസ്തിത്വമേയില്ല
- ബന്ധനത്തിനും മുക്തിയ്ക്കും അതീതം

21
291-301

**ശാസ്ത്രവും യുക്തിയും ഒരുഭാഗത്ത് സ്വാനുഭവം മറുഭാഗത്തും**

- ശുദ്ധജ്ഞാനം അന്തിമലക്ഷ്യം
- വർത്തമാനവും ഇപ്പോഴുമാണ് പരമാർഥം പ്രയോജനപ്രദം
- സമാധിയുടെ പരിമിതി
- ശരിയായ ഊന്നലും ഉറപ്പിയ്ക്കലും
- ശുദ്ധജ്ഞാനം – വേറിടാത്ത ഒരേ ലാഭം

303-322 **അനുക്രമണിക**

# 1 തത്ത്വവിചാരത്തിനുള്ള മികവ് ഫലം

അയോധ്യയിലെ പ്രതിസന്ധി അസാധാരണമായിരുന്നു. വിശ്വാമിത്രൻ രാമനെ കൊണ്ടുപോകാൻ വന്നിരിയ്ക്കുന്നു, താൻ ഉദ്ദേശിയ്ക്കുന്ന യാഗം നിർവിഘ്നം നടത്താൻവേണ്ടി. രാവണന്റെ അനുയായികൾ അതു മുടക്കാൻ പുറപ്പെടുകയാണ്. അപ്പോഴാണ് ദശരഥൻ രാമന്റെ മ്ലാനതയും, തന്റെ നിസ്സഹായതയും അറിയിച്ചത്.

ഇക്ഷ്വാകുവംശത്തിലെ കുലഗുരുവാണ് വസിഷ്ഠമഹർഷി. അദ്ദേഹത്തിന്റെ സ്ഥാനം, അതു രചിയ്ക്കുന്ന പ്രത്യേക താത്പര്യവും ഉത്കണ്ഠയും, പറഞ്ഞറിയിയ്ക്കേണ്ടതില്ല. ദശരഥപുത്രന് അങ്ങനെ ഒരു വിഷമമുണ്ടെങ്കിൽ, അതു വസിഷ്ഠനെയാണ് ഏറ്റവും കൂടുതൽ വ്യാകുലപ്പെടുത്തുക. സദ്ഭരണം ഉറപ്പുവരുത്തേണ്ടതു മറ്റാരേക്കാളും വസിഷ്ഠനാണ്.

രാജാവിനെപ്പോലെത്തന്നെ രാജകുമാരനും. സ്വന്തം പിതാവിനും മാതാവിനും ഒന്നും ചെയ്യാൻ വയ്യാത്ത പ്രതിസന്ധിയാണ് പിണഞ്ഞിരിയ്ക്കുന്നത്. ഫലമോ, ഊണും ഉറക്കവും ഇല്ലാതെ കഴിയുന്നു രാമൻ. രാമന്റെ മ്ലാനത എല്ലാവരേയും വിഷണ്ണരാക്കീട്ടുമുണ്ട്.

16 വയസ്സുള്ള രാജകുമാരനെയാണ് വസിഷ്ഠമഹർഷി പ്രസന്നനാക്കാൻ പോകുന്നത്. രാജധാനിയെ ആകെ ഉത്സവം അണിയിയ്ക്കാനുള്ള സംരംഭംതന്നെ!

വസിഷ്ഠന്റെ മൊഴികളെ അധ്യാത്മമെന്നുപറഞ്ഞ് ആരും കേൾക്കാൻ മടിയ്ക്കയോ, മനസ്സിലാകുമോ എന്നു സംശയിയ്ക്കയോ അരുത്. 16 വയസ്സുള്ള മനസ്സിനും ബുദ്ധിയ്ക്കും വസിഷ്ഠവാക്കുകൾ സുഗ്രഹമായെങ്കിൽ, പ്രായം കൂടിയവർക്കും അങ്ങനെ ആകണമല്ലോ. ഇങ്ങനെ ചിന്തിച്ചുവേണം ഈ താളുകൾ വായിയ്ക്കാൻ.

വാല്മീകിമഹർഷിയ്ക്കു രാമായണം എഴുതാൻ സാധിച്ചത്, വസിഷ്ഠൻ രാമനെ സുന്ദരനും ധീരനും സുസ്ഥിരനും സ്ഥിതപ്രജ്ഞനും ആക്കിത്തീർത്തതിനാലാണ്.

മനസ്സിനേയും ബുദ്ധിയേയും ധന്യമാക്കാനുള്ള ശ്രമം ഇളംവയസ്സിൽത്തന്നെവേണം തുടങ്ങാൻ. അതാണ് വസിഷ്ഠൻ ചെയ്യുന്നത്. ഇതുപോലെ നിങ്ങളും സ്വകുടുംബത്തിലും ജീവിതത്തിലും കുട്ടികളെ രൂപപ്പെടുത്തിയെടുക്കണം.

ആദ്യം നിങ്ങൾ ഗുണവാന്മാരും ഗുണവതികളുമാകൂ. അതിനാണ് രാമായണത്തിന്റെ സുപ്രധാന ഭാഗമായ യോഗവാസിഷ്ഠം എഴുതാൻ

തുടങ്ങുന്നത്. ഇതു വായിയ്ക്കണം. രാമായണത്തേക്കാൾ മധുരവും ധന്യവുമാകണം ഈ ഗ്രന്ഥം, ആകും, നിങ്ങൾ രാമനെപ്പോലെതന്നെ ഗ്രഹിച്ചു ചിന്തിച്ചു തുടങ്ങിയാൽ.

രണ്ടു ഘടകങ്ങളാണ് അധ്യാത്മത്തിൽ. ഒന്ന് ഇന്ദ്രിയഗോചരമായ ദേഹം, ലോകം. ഇനിയൊന്ന് ഇവയ്ക്ക് അതീതമായ, ഇന്ദ്രിയങ്ങൾക്കു ഗ്രഹിയ്ക്കാനാവാത്ത, ദേഹി, ആത്മാ, ജീവൻ, ഈശ്വരൻ.

കാണാവുന്നതിനെ ആധാരമാക്കി കാണാനാവാത്തതിനെ ഗ്രഹിയ്ക്കണം. തൈരിൽനിന്നു വെണ്ണ കടഞ്ഞെടുക്കുന്നതുപോലെയാണ് ഈ പരിശ്രമം. ദേഹത്തിലെ മനസ്സാണ് തൈര്, ബുദ്ധിയാണ് കടകോൽ, ഭക്തിയത്രേ കടയാനുള്ള കയർ. അതു ചുറ്റിപ്പിടിച്ചു കടയുന്നതോ, ഇച്ഛാശക്തിയും. എന്റെ ഒപ്പം നിങ്ങളോരോരുത്തരും കടയണം. അപ്പോഴേ വെണ്ണ പൊന്തിക്കൂടൂ.

വസിഷ്ഠമഹർഷി രാമനോടു പറയുന്നു, "രാമ, ഞാൻ പറയുന്നതു തികഞ്ഞ ശ്രദ്ധയോടെ കേൾക്കു, ഉപശമത്തെപ്പറ്റി, മനഃപ്രശാന്തതയെക്കുറിച്ച്. മനസ്സ് പിൻവലിഞ്ഞ്, ഉൾ ഉപശമത്തിൽ പ്രവേശിയ്ക്കും.

"വാസ്തവത്തിൽ എന്താണ്, എങ്ങനെയാണ് ഇതു നേടുക. കാരണം, ഈ ഉൾപ്രശാന്തത സമ്പാദിയ്ക്കുന്നതിലാണ് നിന്റെ എല്ലാ പ്രശ്നങ്ങൾക്കും ചോദ്യങ്ങൾക്കുമുള്ള ഉത്തമപരിഹാരം നിലകൊള്ളുന്നത്. ഉള്ളുപശമവും മനസ്സിനു ശാന്തിയും നേടിയില്ലെങ്കിൽ മനുഷ്യജീവിതം ഈ ലോകത്തിൽ അപൂർണമാണ്."

**ദീർഘസംസാരമായേയം**
**രാമ രാജസതാമസൈഃ**
**ധാര്യതേ ജന്തുഭിർനിത്യം**
**സുസ്തംഭൈരിവ മണ്ഡപഃ**

**സത്ത്വസ്ഥജാതിഭിർധീരൈഃ**
**ത്വാദൃശൈർഗുണബൃംഹിതൈഃ**
**ഹേലയാ ത്യജ്യതേ പക്വാ**
**മായേയം ത്വഗിവോരഗൈഃ** (5.2,3)

ലോകവും അതിലുള്ള ജീവിതവും രാമ, കുറേക്കാലമായി നില്ക്കുന്ന മോഹമാണ്. മായയെന്നാണ് ഇതിനെ വിളിയ്ക്കുന്നത്. രജോഗുണത്തിനും (ആശയും പ്രവൃത്തിയും) തമസ്സിനും (അജ്ഞാനം, മോഹം) വിധേയരായവർമാത്രമേ ഈ മോഹ ത്തെ താങ്ങി സ്ഥിരമാക്കയുള്ളൂ, കെട്ടിടത്തിന്റെ തൂണുകൾപോലെ.

നിന്നെപ്പോലെ സത്ത്വഗുണപ്രേരിതരായവർ (ആത്മാവിൽനിന്നുള്ള ജ്ഞാനത്തേയും നന്മയേയും അനുധാവനം ചെയ്യുന്നവർ)

ഈ മോഹത്തെ വിഹാരസമം തട്ടിക്കളയേണ്ടവരാണ്, പാമ്പ് ഉറയൂരുന്നപോലെ.

❖ ദ്രവ്യവും ഊർജവും ചേർന്നതാണ് ലോകമാകെ. നിങ്ങളുടെ ദേഹവും അതുതന്നെ. അതിനെ പ്രവർത്തിപ്പിയ്ക്കുന്നതോ മനസ്സും ബുദ്ധിയും അഹങ്കാരവും അടങ്ങുന്ന ഉൾവ്യക്തിത്വവും. ദേഹവും ഉൾവ്യക്തിത്വവും ചേർന്ന സംഘാതമാണ് നിങ്ങൾ. **മനസ്സ് ഇല്ലാതെ ദേഹത്തിന് ഒന്നും ചെയ്യാനാവില്ല. ഉൾവ്യക്തിത്വമാണ് ചേതനാതലം. അതിലാണ് എല്ലാ അനുഭവങ്ങളും അറിവും ഉദിച്ചു നിലകൊള്ളുന്നത്. അധ്യാത്മമെന്നത് ഇതു സംബന്ധിച്ച അറിവും അനുഭവവും പരിശീലനവുമത്രെ**.

ലോകവും ദേഹവും 'ദൃശ്യ'മാണ്, വെറും ജഡമാണത്. ഇതിനെ നോക്കിക്കാണുന്നതു 'ദ്രഷ്ടാ'വും. 'ദ്രഷ്ടൃ'കോശത്തെക്കുറിച്ചു പ്രതിപാദിയ്ക്കുന്നതാണ് അധ്യാത്മശാസ്ത്രം. ഇതു മുഴുവനും തത്ത്വവിചാരമാണ്. ബുദ്ധിയുള്ള ആരും ഇഷ്ടപ്പെടുന്നതാണ് തത്ത്വവിചാരം.

മനുഷ്യന്റെ പ്രവൃത്തി നാലുതലത്തിലാണ്. തുടക്കം ദേഹേന്ദ്രിയങ്ങളിലാണെന്നു വെയ്ക്കുക. തികച്ചും സ്ഥൂലമാണിത്. പിന്നെ വരുന്നതു വാചികതലം. ഇതു രണ്ടും പ്രത്യക്ഷമാണ്. ഇനിയുള്ളതു മനസ്തലം, അനന്തരമാണ് ബുദ്ധിതലം.

ഇവയ്ക്കുള്ള ശക്തിയും സ്വാധീനവും 1,10,100,1000 എന്ന തോതിലാണെന്നു പറയാം. ഏറ്റവും മികച്ചതാണ് ബുദ്ധിതലം, ദേഹതലത്തേക്കാൾ ആയിരംമടങ്ങു ശക്തവും ഫലപ്രദവും. വിചാരം, ആലോചന അഥവാ തത്ത്വവിചാരം ബുദ്ധിതലത്തിൽ നടക്കുന്നതത്രെ. ബുദ്ധിയ്ക്കുമാത്രമേ മനസ്സിൽ സ്വാധീനം ചെലുത്താനാകൂ. അതാണ് ബുദ്ധിയ്ക്ക് ഇത്രയധികം വിലയും, സ്ഥാനവും, മതിപ്പും.

രാമനിൽ വസിഷ്ഠൻ തൊടുത്തുവിടുന്നതു വിചാരമാണ്. അതുതന്നെയാണ് നിങ്ങളിലും തൊടുക്കാൻ ഉദ്ദേശിയ്ക്കുന്നത്. നിങ്ങൾ എത്രയധികം വിചാരംചെയ്യുന്നുവോ, അത്രയും ശക്തിയും, മിടുക്കും, മേന്മയും കൈവരിയ്ക്കും. അതുകൊണ്ട് ഇവിടെ പ്രതിപാദിയ്ക്കുന്ന കാര്യങ്ങളെ ശ്രദ്ധയോടെ ഉൾക്കൊള്ളണം. ഇതിൽ അനാസ്ഥയോ അശ്രദ്ധയോ വരരുത്.❖

നോക്കൂ വസിഷ്ഠൻ പറയുന്നത്:

**സ്വയമേവ വിചാരേണ**
**വിചാര്യാത്മാനമാത്മനാ**
**യാവന്നാധിഗതം ജ്ഞേയം**
**ന താവദധിഗമ്യതേ**

**സ്വയമാലോകയ പ്രാജ്ഞ**
**സംസാരാരംഭദൃഷ്ടിഷു**

**കിം സത്യം കിമസത്യം വാ**
**ഭവ സത്യപരായണഃ** (5.6,8)

യുക്തിയുടേയും അന്വേഷണത്തിന്റേയും (വിചാരം) ചുവടുപിടിച്ചു ദേഹത്തിനുള്ളിലുള്ള ആത്മാവെക്കുറിച്ചു മനനംചെയ്തു നോക്കണം, നിന്റെതന്നെ ബുദ്ധിയുടേയും യുക്തിയുടേയും സഹായത്താൽ. നിനക്ക് അറിയാനുള്ള ശക്തിയെ വിനിയോഗിച്ച്, അറിയുന്ന ചേതനയെത്തന്നെ മുഴുവനായി മനസ്സിലാക്കുന്നതിൽ വിജയിയ്ക്കുന്നതുവരെ അതിനെ ജ്ഞാനമെന്നു പറഞ്ഞുകൂടാ. കാരണം, ജ്ഞാതാവിനേയും ജ്ഞാനത്തേയും കുറിച്ചുള്ള പൂർണ അറിവിനുമാത്രമേ മനുഷ്യന്റെ തത്ത്വാന്വേഷണത്തെ പൂരിപ്പിയ്ക്കാനുള്ള ശക്തിയുള്ളു, താൻ ആവശ്യപ്പെടുന്ന ശാന്തിയും മനുഷ്യനു പ്രദാനം ചെയ്യാനാകൂ.

നോക്കൂ, ബുദ്ധിയുള്ള രാമ, ലോകമെന്നു പറയുന്ന മഹാദ്ഭുതത്തെയും അതിലുള്ള എല്ലാ സാധനസാമഗ്രികളേയും. നീ നിരന്തരം സമ്പർക്കംനടത്തുന്ന അവയെ പരിശോധിച്ചുനോക്കി അവയ്ക്കുള്ളിൽ എന്താണ് സത്യമായത്, എന്താണ് അസത്യമെന്നു കണ്ടുപിടിയ്ക്കൂ. നിന്റെ താത്പര്യവും ശ്രദ്ധയും സത്തിൽമാത്രമാകണം. അങ്ങനെവരുമ്പോഴേ, നിന്റെ ദൃഷ്ടി വിവേകത്തിൽ ഉറച്ചതാകൂ. സത്യത്തോടുള്ള കൂറും അടുപ്പവുംമാത്രമാണ് ജിജ്ഞാസുവിനെ ലക്ഷ്യത്തിലേയ്ക്കു നയിയ്ക്കുക.

**ആദാവന്തേ ച യന്നാസ്തി**
**കീദൃശീ തസ്യ സത്യതാ**
**ആദാവന്തേ ച യന്നിത്യം**
**തത്സത്യം നാമ നേതരത്**

**ആദ്യന്താസമ്മയേ യസ്യ**
**വസ്തുന്യാസജ്ജതേ മനഃ**
**തസ്യ മുഗ്ധപശോർജന്തോഃ**
**വിവേകഃ കേന ജന്യതേ** (5.9,10)

ഒരു സാധനം ആദ്യത്തിലില്ല, അവസാനത്തിലുമില്ല എന്നുവരുമ്പോൾ, അതിനു മധ്യത്തിലും നിലനില്പു സാധ്യമല്ല. ഇടവേളയിൽ മാത്രമായി സ്ഫുരിയ്ക്കുന്ന എന്തിനേയും സത്യമായി പരിഗണിയ്ക്കാനാവില്ല.

ഒന്നിനെ സത്യമായി പരിഗണിയ്ക്കണമെങ്കിൽ അതു തുടക്കത്തിലും അവസാനത്തിലും ഉണ്ടാകണം. അങ്ങനെയല്ലാത്തതു സത്യമല്ല. ആദിയിലും അന്തത്തിലും ഇല്ലാത്തതിൽ പൊത്തിപ്പിടിയ്ക്കു

ന്ന മനസ്സുള്ളവൻ, ഒന്നുകിൽ മൃഗമാണ്, അല്ലെങ്കിൽ ബുദ്ധിവളർച്ച തീരെ ഇല്ലാത്തവനാണ്. അങ്ങനെയൊരുവനെ സ്ഥിരബുദ്ധിയാക്കുന്നതെങ്ങനെ?

❖ജഡദേഹത്തെ പ്രവർത്തനക്ഷമമാക്കുന്നത് ഉൾച്ചേതനയാണ്. ഇതാണ് ദേഹി അഥവാ ആത്മാ. മനസ്സും ബുദ്ധിയും ആത്മാവിന്റെ പ്രവർത്തനരൂപമാണ്. അതിനാൽ ആത്മാവിനെ അറിയൽ ക്ലിഷ്ടമോ അസാധ്യമോ അല്ല. പകൽവെളിച്ചത്തിൽ സൂര്യനെ വിട്ടുകളയുന്നതെങ്ങനെ? മനോബുദ്ധിവൃത്തികളിൽ ആത്മപ്രകാശം ഗ്രഹിയ്ക്കാനാവുന്നില്ലെന്ന് എങ്ങനെ പറയും?

മുമ്പും പിമ്പും ഇടയിലും ഒരുപോലെ ഉള്ളതു മാത്രമേ സത്യമാകൂ, വാസ്തവമാകൂ. അങ്ങനെ വരുമ്പോൾ ദൃശ്യമാകെ നശ്വരമാണല്ലോ. ഇതു സമ്മതിയ്ക്കുന്നതിൽ എന്താണ് തെറ്റ്, വിഷമം?

മനുഷ്യജന്മം വിശേഷപ്പെട്ടതാണ്. അതിൽ ബുദ്ധികൊണ്ട് ആലോചിച്ചുവേണം എന്തും ചെയ്യാനും, എന്തു നിലപാടു സ്വീകരിയ്ക്കാനും. **കണ്ടതൊക്കെ ശരിയോ വാസ്തവമോ ആണെന്നു കരുതിപ്പോകരുത്. ഇക്കാര്യത്തിൽ ആലോചിച്ചു നിശ്ചയിയ്ക്കാനുള്ളതത്രേ ബുദ്ധി. ബുദ്ധിയെ വേണ്ടുംവണ്ണം എന്തു കാര്യത്തിലും ഉപയോഗിയ്ക്കണം. അപ്പോഴേ മനുഷ്യജന്മം അന്വർഥമാകൂ**.

ബുദ്ധിയ്ക്കുള്ള മാനദണ്ഡമാണ് സത്യം, അസത്യം എന്നിവ. ആദിയിലും അന്തത്തിലും, മധ്യത്തിലെന്നപോലെ നിലകൊള്ളുന്നത് എന്തോ അതാണ് സത്യം; അല്ലാത്തത് അസത്യവും.

അസത്യത്തെ അന്ധമായി ആശ്രയിച്ചു കഴിയുന്നവൻ മൃഗം, അല്ലെങ്കിൽ ചുരുങ്ങിയതു ബുദ്ധിവളർച്ചയില്ലാത്തവൻ, ആണെന്നു തീർത്തു പറയുന്നു വസിഷ്ഠൻ. നിങ്ങളാരെങ്കിലും ഇങ്ങനെ മൃഗമോ ബൗദ്ധമന്ദന്മാരോ ആണോ, അങ്ങനെ സമ്മതിയ്ക്കാൻ തയ്യാറാകുമോ? അപ്പോൾ നല്ലപോലെ വിചാരംചെയ്യാൻ തയ്യാറാകുക, വിചാരം ശീലമായിത്തീരട്ടെ.

ആലോചിച്ചുനോക്കിയാണ് ജഡദേഹവും ചേതനമായ ഉൾവ്യക്തിത്വവും, അതായത് ആത്മാവും, തമ്മിൽ തിരിച്ചറിയുന്നത്. ഇപ്പോൾ അറിയപ്പെടാതിരിയ്ക്കുന്ന ആത്മാ, വിചാരശീലത്താൽ പകൽപോലെ തെളിഞ്ഞു വരും. ഇതിൽ സംശയമേ വേണ്ട.❖

**ജായതേ മന ഏവേഹ**
**മന ഏവ വിവർധതേ**
**സമ്യഗ്ദർശനദൃഷ്ട്യാ തു**
**മന ഏവ ഹി മുച്യതേ**

**പൂർവം രാഘവ ശാസ്ത്രേണ**
**വൈരാഗ്യേണ പരേണ ച**
**തഥാ സജ്ജനസംഗേന**
**നീയതാം പുണ്യതാം മനഃ**

**വിചാരേണാവദാതേന**
**പശ്യത്യാത്മാനമാത്മനാ**
**ഇന്ദുനാ ശീതലേനാന്തഃ-**
**വിശ്വം ഖമിവ തേജസാ** (5.11,14,17)

ശരിയ്ക്കു പറയുകയാണെങ്കിൽ ഈ ലോകത്തിൽ മനസ്സാണ് ജനിയ്ക്കുന്നത്. മനസ്സുതന്നെയാണ് വളരുന്നതും വികസിയ്ക്കുന്നതും. വളർന്നു വികസിയ്ക്കുന്ന മനസ്സിനെയാണ് മോക്ഷത്തിനു വേണ്ടി വിനിയോഗിയ്ക്കേണ്ടതും. അധ്യാത്മദർശനംമാത്രമേ ഇതിനു സഹായിയ്ക്കൂ. ജന്മം, വളർച്ച, സ്വാതന്ത്ര്യം, എല്ലാംതന്നെ മനസ്സിന്റേതുമാത്രമാണ്; വേറെ ഒന്നിന്റേയുമല്ല.

മോക്ഷം കൈവരിയ്ക്കുന്നതിനുള്ള ആദ്യപടി മനസ്സിനെ പവിത്രമാക്കുന്നതാണ്. അതിന്, ജിജ്ഞാസുവിനു ശാസ്ത്രപരിചയം വേണം, അധ്യാത്മശാസ്ത്രങ്ങൾ വായിച്ചു പഠിയ്ക്കണം, അതുവഴി നല്ല വൈരാഗ്യം വളർത്തിയെടുക്കണം. ഇങ്ങനെ ജ്ഞാനവും വൈരാഗ്യവും നേടി തത്ത്വജ്ഞരുടെ സഹായം തേടുക.

വിചാരം പിന്തുടർന്ന് ഉൾമനസ്സിനാൽ അകത്തുള്ള ചൈതന്യസാന്നിധ്യത്തെ ഗ്രഹിയ്ക്കണം. അതിന്റെ പ്രശാന്തതയും നൈശ്ചല്യവും നിന്നെ നിറയ്ക്കണം, ചന്ദ്രന്റെ ശീതളശോഭ ആകാശത്തെ മുഴുവനുമെന്നപോലെ.

❖ വാസ്തവത്തിൽ 'ഞാൻ' എന്ന വാക്കു സൂചിപ്പിയ്ക്കുന്നതാണല്ലോ നിങ്ങളുടെ വ്യക്തിത്വം. അത് എപ്പോഴെങ്കിലും ജനിയ്ക്കുന്നുവോ, ജനിച്ചുവോ? നിങ്ങൾക്ക് അനുഭവമുണ്ടോ? സ്വന്തം ദേഹം ജനിച്ചതേപ്പറ്റി അവനവന് അറിവില്ല. അമ്മ പറഞ്ഞതാണ് 'നീ എനിയ്ക്കു ജനിച്ചു, ഇതാണ് നിന്റെ അച്ഛൻ' എന്നൊക്കെ, അല്ലാതെ ജന്മബോധം ആർക്കുമില്ല.

മറിച്ച്, മനസ്സ് ഉണ്ടാകുന്നതും വളരുന്നതും നമുക്ക് അറിയാം. ദേഹവും ഇന്ദ്രിയങ്ങളും പ്രവർത്തിച്ച് അനുഭവങ്ങൾ ഉണ്ടാകുമ്പോഴാണ് മനസ്സ് രൂപപ്പെടുന്നതും വളരുന്നതും. ദേഹവളർച്ച നിന്നാലും, ഈ ഉൾവളർച്ച തുടരുന്നു. അതിനുവേണ്ടിയാണ് ചെറുപ്പത്തിലേ വിദ്യാലയത്തിൽ ചേർന്നു പഠിയ്ക്കുന്നതും മേൽ*ക്ലാസു*കളിലേയ്ക്കു പോകുന്നതും. അവിടെ അധ്യാത്മം തീരെ പഠിപ്പിയ്ക്കുന്നില്ലെന്ന ന്യൂനത ഇരിയ്ക്കട്ടെ.

ഈ മനസ്സിനെയാണ് അധ്യാത്മമായി വളർത്തി വികാസവും ഔന്നത്യ

വും കൈവരിച്ചു ജിജ്ഞാസു മുക്തി നേടേണ്ടതും. ഉൾവളർച്ചയുടെ ഫലമാണ് മോക്ഷം. മോക്ഷം ഒരുവനെ പ്രബലനാക്കുന്നു, ഉന്നതനും ധന്യനുമാക്കിത്തീർക്കുന്നു. അതിനാലാണ് മോക്ഷം ഏറ്റവും അഭിലഷണീയമാകുന്നതും.❖

**താവദ്ഭവമഹാംഭോധൗ**
**ജനസ്തൃണവദുഹ്യതേ**
**വിചാരതടവിശ്രാന്തിം-**
**ഏതി യാവന്ന ചേതസാ**

**ഇദം രുക്മമിദം ഭസ്മ**
**പരിജ്ഞാതമിതി സ്ഫുടം**
**ന യഥാ ഹേമകാരസ്യ**
**ഹേമജ്ഞാനാത്മനസ്തഥാ** (5.18,20)

മനുഷ്യജീവിതമെന്ന പുല്ല് യുക്തിയുടെ വിശ്രമപ്രദമായ തീരം കണ്ടെത്തുന്നതുവരെ ലോകമെന്ന ഉഗ്രതിരമാലയുള്ള കടലിൽ പല വിഷമതകളും ഏറ്റു തുടർച്ചയായി പൊന്തിക്കിടക്കും.

നല്ല സ്വർണപ്പണിക്കാരനു പൊൻവസ്തുക്കളെ നോക്കി സംശയമില്ലാതെ അവയുടെ ഗുണമൂല്യങ്ങൾ വിലയിരുത്താൻ സാധിയ്ക്കും. തനിയ്ക്കു സ്വർണത്തേയും ഭസ്മത്തേയും തിരിച്ചറിയാം. അതുപോലെ സമർഥനായ ജിജ്ഞാസുവിന് ഉള്ളാത്മാവിനെ മറ്റെല്ലാറ്റിൽനിന്നും വേറിടുത്തി അറിയാൻ കഴിയും. അതു ദേഹത്തിലാണ് ഇരിയ്ക്കുന്നത്. സംശയമറ്റു പാറപോലെ ഉറച്ചിരിയ്ക്കുന്ന ജ്ഞാനത്തിനേ ജിജ്ഞാസുവെ തന്റെ ലക്ഷ്യത്തിലേയ്ക്കു നയിയ്ക്കാനുള്ള ശക്തി ഉള്ളു.

**അപരിജ്ഞാതസാരേ ഹി**
**മനോഽന്തർയദി മുഹ്യതേ**
**ജ്ഞാതസാരേ ത്വസന്ദിഗ്ധം-**
**അസതീ കില മൂഢതാ**

**ഹേ ജനാ അപരിജ്ഞാത**
**ആത്മാ വോ ദുഃഖസിദ്ധയേ**
**പരിജ്ഞാതസ്ത്വനന്തായ**
**സുഖായോപശമായ ച** (5.22,23)

സത്യത്തെക്കുറിച്ചുള്ള അജ്ഞാനമാണ് മനസ്സിനെക്കൊണ്ട് മോഹം ഗ്രസിപ്പിയ്ക്കുന്നത്. സത്യത്തെപ്പറ്റിയുള്ള പൂർണവിജ്ഞാനം എല്ലാ സംശയങ്ങളിൽനിന്നും ഇടയിളക്കങ്ങളിൽനിന്നും മനസ്സിനെ

മോചിപ്പിയ്ക്കും. അജ്ഞാനംമാത്രമാണ് അസത്യത്തിലേയ്ക്കും അതു രചിയ്ക്കുന്ന നാശത്തിലേയ്ക്കും നയിയ്ക്കുന്നത്.

അല്ലേ മനുഷ്യരേ, നിങ്ങളുടെ ജീവന് അജ്ഞാനത്താലും സംശയത്താലുമാണ് ദുഃഖദുരിതങ്ങളും സംഘർഷവും ഉണ്ടാകുന്നത്. ജ്ഞാനവും ആശയത്തെളിച്ചവും വേണ്ടതുപോലെ ഉദിച്ചാൽ, നിങ്ങളുടെ ഈ സ്ഥിതി മാറി ജീവൻ പ്രശാന്തവും മൂല്യാലംകൃതവുമാകും. മൂഢമനസ്സാണ് ദുഃഖദുരിതങ്ങളും സംഘർഷവും വരുത്തിവെയ്ക്കുന്നത്. പ്രബുദ്ധമനസ്സ് അളവറ്റ സന്തോഷവും ഉപശമവും അനുഭവിയ്ക്കുന്നു.

❖വസിഷ്ഠൻ എത്ര ഭംഗിയായി ദൃഷ്ടാന്തങ്ങളോടെ ഉൾച്ചേതനയെക്കുറിച്ചു സംസാരിയ്ക്കുന്നു. പ്രത്യേകം ആസ്വദിയ്ക്കേണ്ടതാണ് ഇക്കാര്യം. അധ്യാത്മത്തിൽ പ്രവക്താവിനുള്ള സ്ഥാനവും കഴിവും എടുത്തു പറയേണ്ടതാണ്.

നോക്കൂ, എത്ര വിഷണ്ണനായിരുന്നു രാമൻ. വസിഷ്ഠമഹർഷി സംസാരിച്ചു തുടങ്ങിയതോടെ, ആ വിഷണ്ണതയൊക്കെ മറന്ന് എത്ര ശ്രദ്ധാലുവായാണ് രാജകുമാരൻ കേൾക്കുന്നതും, ചോദ്യവും സംശയവും ഉന്നയിച്ച് ആശയത്തെളിച്ചം നേടുന്നതും. ഇതു നിങ്ങൾക്ക് ഏവർക്കും സാധ്യമാണെന്ന് അറിയുക. ഓരോരുത്തരും രാമനായി വേണം ഈ വിവരണങ്ങൾ വായിയ്ക്കാൻ. വിഷമമെന്നു തോന്നുന്ന വിഷയം സരളലളിതമാകും, രസകരവും. ഇതിൽ തീരെ അതിശയോക്തിയില്ല.

മനുഷ്യജീവിതം പുല്ലുപോലെയാണ്, അതും സമുദ്രത്തിൽ പൊന്തിക്കിടക്കുന്ന പുല്ല്. ഊക്കൻ തിരമാലകൾ അടിച്ച് അതു പൊന്തിയും താണും പാറിപ്പറന്നു കഴിയുകയാണ്. എത്ര ശരി! ഇതല്ലേ രാമനു സംഭവിച്ചത്. എന്നിട്ടല്ലേ ഊണും ഉറക്കവുമില്ലാതെ ഇരുന്നത്. ഭാഗ്യത്തിനു വസിഷ്ഠൻ വിവരമറിഞ്ഞു വിളിച്ച് എന്തു പറ്റിയെന്നു ചോദിച്ചതാണല്ലോ. അങ്ങനെയല്ലേ ഈ സംവാദം തുടങ്ങിയത്.

ഇതെഴുതിക്കൊണ്ടിരിയ്ക്കുമ്പോൾ ഇതാ കന്യാകുമാരി മുനമ്പിനേയും തിരുവനന്തപുരം തലസ്ഥാനനഗരത്തേയും ആഞ്ഞടിച്ചു വന്ന ഉഗ്രൻ 'ഓക്ഖി' കടൽക്കൊടുങ്കാറ്റു വിതച്ച കെടുതികളുടെ വാർത്തകളാണ് ഇവിടെ കേൾക്കുന്നതും കാണുന്നതും.

അന്നു ത്രേതായുഗത്തിലാണ് വസിഷ്ഠൻ പുൽക്കൊടി പൊന്തിക്കിടക്കുന്ന സ്ഥിതി വിവരിച്ചുവെച്ചത്. ഇന്ന് ഉണ്ടായതോ, വലിയ കനത്ത നീണ്ട പുല്ലു കെട്ടുകെട്ടായി അടുക്കി ഭദ്രമായി വെച്ചിട്ടുള്ള യന്ത്രത്തോണികളുടെ ദുർഗതിയും. കൊടുങ്കാറ്റിലും കൊടിയ തിരമാലയിലും പെട്ട് എത്ര പേർ അങ്ങിങ്ങു പാഞ്ഞു ദിശയും ലക്ഷ്യവും അറ്റു ബഹുശ്ശതം *കിലോമീറ്ററു*കൾ അകലെ ചെന്നുപെട്ടു. തോണികളും തോണിക്കാരുടെ

ജീവനും ഒരുപോലെ പൊന്തിത്തൂങ്ങിയിരിയ്ക്കയായിരുന്നു.

ജീവിതശൈലിയ്ക്ക് അന്നും ഇന്നും ഒരു മാറ്റവുമില്ല. അന്ന് അറിവും സ്ഥൈര്യവും നല്കി അയോധ്യാരാമനെ സമാധാനിപ്പിച്ച വാക്കുകൾ ഇന്നും തുല്യപ്രസക്തിയോടെ ഏവരേയും മാടിവിളിയ്ക്കുന്നു. ഇതു മനസ്സിലാക്കി നിങ്ങളേവരും ഈ സംവാദം വായിച്ചു ചിന്തിച്ചു ശക്തരും സ്ഥിരചിത്തരുമാകണം.

ആത്മതലത്തിലേയ്ക്കു പ്രവേശിയ്ക്കുന്നതു ക്ലിഷ്ടമാണെന്നു പറഞ്ഞു തള്ളിക്കളയുകയോ പിൻവാങ്ങയോ ചെയ്യരുത്. കാരണം, അത് അത്ര കഠിനമോ ശുഷ്കമോ അല്ല. സ്വർണപ്പണിക്കാരനു പൊന്നുകൊണ്ടുണ്ടാക്കിയ ഉരുപ്പടികളെ നോക്കി അവയുടെ ഗുണവും വിലയും നിശ്ചയിയ്ക്കാൻ വലിയ വിഷമമില്ലല്ലോ. സ്വർണപ്പണിക്കാർ എത്രവേണമെങ്കിലും ഉണ്ട്. സ്വർണവും സ്വർണേതരവസ്തുക്കളും അവർക്കു തിരിച്ചറിയാം. ഇങ്ങനെ തിരിച്ചറിയുന്നവരും ധാരാളമുണ്ട്.

അതുപോലെയാണ് നിങ്ങളും ജിജ്ഞാസുവാകുന്നതോടെ. എത്രയോ ജിജ്ഞാസുക്കളില്ലേ. അവരെല്ലാം എത്ര ഗൗരവത്തോടെ, സന്തോഷത്തോടെ അവരുടെ ലക്ഷ്യം പിന്തുടരുന്നു. അവർക്ക് ആത്മാവും അല്ലാത്തതും എത്ര ഭംഗിയായി മനസ്സിലാക്കാൻ സാധിയ്ക്കുന്നു. അതുപോലെ നിങ്ങളും ഇക്കാര്യത്തിൽ സമർഥരാകും, കുശലരാകും. നല്ല വിശ്വാസത്തോടേയും ഉറപ്പോടേയും ഇരുന്നുകൊൾക. വസിഷ്ഠന്റെ തുടർവാക്കുകൾക്കു കാതോർക്കാം.❖

■